സാംസ്കാരികോത്സവം '99

# ഭരണകൂടവും സംസ്കാരവും

സെമിനാർ : 20.5.1999

PG
350

കനകക്കുന്ന് കൊട്ടാരം

തിരുവനന്തപുരം

# സാംസ്കാരികോത്സവം '99

4137

## സെമിനാർ : ഭരണകൂടവും സംസ്കാരവും

**മുഖ്യപ്രബന്ധം : പി. ഗോവിന്ദപ്പിള്ള**

ചെയർമാൻ,
കെ.എസ്.എഫ്.ഡി.സി.

PG Library & Research Center

| | | |
|---|---|---|
| മേയ് 20 | : | തിരുവനന്തപുരം |
| മേയ് 23 | : | തൃശൂർ |
| മേയ് 26 | : | കോഴിക്കോട് |
| മേയ് 30 | : | കാസർഗോഡ് |

PG
350

## ആമുഖപ്രബന്ധം

### സംഗ്രഹം

**1.0 നിർവചനങ്ങൾ**

1.1 ഭരണകൂടവും ഗവൺമെൻറും തമ്മിലുള്ള വ്യതിരേകം രാഷ്ട്രമീമാംസയിലെ ഹരിശ്രീയാണ്. പട്ടാളം, പോലീസ്, കോടതി, ബ്യൂറോക്രസി (ഉദ്യോഗസ്ഥ ശ്രേണി) നികുതിപിരിവിനും നിയമസമാധാനപാലനത്തിനും വികസന പ്രവർത്തനങ്ങൾക്കും ഉള്ള കാര്യാലയങ്ങൾ, ഇവയെ നിയന്ത്രിക്കുകയും നിലനിറുത്തുകയും നയിക്കുകയും ചെയ്യുന്ന നിയമസംഹിതകൾ തുടങ്ങി മിക്കവാറും സ്ഥിരമായി തുടരുന്ന ഭരണയന്ത്ര സമുച്ചയമാണ് ഭരണകൂടം - ഇംഗ്ലീഷിൽ "സ്റ്റേറ്റ്". രാഷ്ട്രത്തിൻെറ പരമോന്നതമായ പരമാധികാരഭരണയന്ത്രമാണ് ഭരണകൂടം. ഗവൺമെൻറ് എന്ന് വ്യവഹരിക്കപ്പെടുന്നത് ഓരോ തെരഞ്ഞെടുപ്പും കഴിയുമ്പോൾ പുതുതായി രൂപീകരിക്കപ്പെടുന്ന മന്ത്രിസഭയും അതിൻെറ അകമ്പടിയും അനുസാരികളും പൊടിപ്പും തൊങ്ങലുകളും എല്ലാം.... രണ്ട് തെരഞ്ഞെടുപ്പുകൾക്കിടയിലെ വേളയിലും മന്ത്രിസഭാ മാറ്റമോ പുനസ്സംഘടനയോ ഭരണകക്ഷിമാറ്റമോ ഉണ്ടാകാം. രാജാധിപത്യത്തിലും മറ്റു ജനാധിപത്യേതര സംവിധാനങ്ങളിലും ഇങ്ങിനെ ഗവൺമെൻറ് മാറ്റങ്ങൾ രാജാവിൻെറയോ സമഗ്രാധിപതിയുടെയോ മരണം, സ്ഥാനചലനം മുതലായവയെ തുടർന്ന് സംഭവിക്കാം.

1.2 ആധുനികഭരണകൂടങ്ങളെ താങ്ങിനിറുത്തുന്ന മൂന്നു സ്തംഭങ്ങളുണ്ട് - ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി. ആധുനികയുഗത്തിൽ മാധ്യമങ്ങൾ വഹിക്കുന്ന അഭൂതപൂർവമായ നിർണായകസ്വാധീനത്തെയും ധർമത്തെയും മുൻനിർത്തി മാധ്യമങ്ങളെ ഈ മൂന്നു സംരംഭങ്ങളോടൊപ്പം പ്രാധാന്യം കല്പിച്ച് "നാലാം എസ്റ്റേറ്റ്" എന്നും വിശേഷിപ്പിച്ചുവരുന്നു.

1.3 ഇംഗ്ലീഷിലെ "കൾച്ചറാ"ണ് മലയാളത്തിലെ സംസ്കാരം. സർവസാധാരണയായി പരാമർശിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന

ഒന്നാണ് ഈ വാക്ക്. എങ്കിലും അതിൻെറ അർഥപരിണാമം ദുർഘടം പിടിച്ചതും അർഥവൈവിധ്യവും വ്യാപ്തിയും നിർവചനശ്രമങ്ങളെ കുഴയ്ക്കുന്നതുമാണ്. അർഥഗ്രഹണത്തിനും വിവരണത്തിനും ഏറ്റവും വിഷമകരമായ രണ്ടോ മൂന്നോ ഇംഗ്ലീഷ് വാക്കുകളിലൊന്നാണിതെന്ന് റെയ്മണ്ട് വില്യംസ് പറഞ്ഞത് മലയാളത്തിനും മറ്റ് ആധുനികഭാഷകൾക്കും കൂടി ബാധകമാണ്. ആ ദുർഘടമാർഗങ്ങളെ ഒക്കെ കഴിയുന്നത്ര ഒഴിഞ്ഞുമാറി നമ്മുടെ ചർച്ചയ്ക്കാവശ്യമായ വിധം ചുരുക്കി ചില വിവരണങ്ങൾ നൽകാം. (മറ്റൊരു സന്ദർഭത്തിൽ മറ്റൊരാവശ്യത്തിനായി ഈ ലേഖകൻ എഴുതിയ ചില കാര്യങ്ങൾ അതേപടി ഇടയ്ക്കിടെ ആവർത്തിക്കുന്നത് ക്ഷമിക്കുക).

1.4 സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനുചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിൻെറ കണ്ണികളാണ്. കുടുംബബന്ധങ്ങളായാലും ജാതിമതകെട്ടുപാടുകളായാലും അവയെല്ലാം സാംസ്കാരികനൂലുകളാലാണ് ബന്ധിതമായിരിക്കുന്നത്. മനുഷ്യസമൂഹത്തിൻെറ അനാദികാലം മുതൽക്കുതന്നെ സംസ്കാരം അതിൻെറ ഘടനയ്ക്ക് പ്രേരകമായും പോഷണമായും വർത്തിച്ചിരുന്നു. മതത്തിൻെറ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സാംസ്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കു നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും മതപ്രവാചകരും ശ്രമിച്ചു പോന്നിട്ടുള്ളത്.

1.5 സംസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹികപ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിതസാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. സമൂഹത്തിൽ ഒരേ സമയം തന്നെ യാഥാസ്ഥിതികത്വത്തിൻെറ ഘടകങ്ങളെന്ന പോലെ പുരോഗമനത്തിൻെറ ഘടകങ്ങളും മത്സരിച്ച് വർത്തിക്കുന്നതിനാൽ സംസ്കാരത്തിലും രൂപരീതി ഭേദങ്ങളുണ്ട്. ജാതിമതഭിന്നതകളും ഭാഷാ

ഭേദങ്ങളും വർഗ വിഭജനവുമെല്ലാം വിവിധ സാംസ്കാരികധാരകൾക്ക് ജന്മം നൽകുന്നു. ഇവയെ വിശദീകരിച്ചും വിശകലനം ചെയ്തും പഠിച്ച് കാലോചിതമായി ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ നന്മയ്ക്കും മേന്മയ്ക്കുമായി തെരഞ്ഞെടുക്കുകയും അവയെ ഉയർത്തിപ്പിടിക്കുകയുമാണ് നമ്മുടെ കർത്തവ്യം.

## 2.0 നവയുഗസംസ്കൃതി

2.1 സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം തുടങ്ങിയ ആദർശങ്ങളും, ശാസ്ത്ര-സാങ്കേതിക വിദ്യ, വ്യവസായം തുടങ്ങിയ സംരംഭങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ലോകത്തിൻെറ മുഖഛായ ആകെ മാറ്റിത്തീർത്തിരിക്കുന്നു. ഈ മാറ്റങ്ങൾ ഇരുപതാം നൂറ്റാണ്ടിൻെറ അന്ത്യദശകമായ നമ്മുടെ കാലയളവിൽ അത്യത്ഭുതകരമായ മാറ്റങ്ങൾക്കാണ് വഴിതുറന്നിരുന്നത്. ഈ മാറ്റങ്ങളെ വിപ്ലവമെന്ന് വിളിച്ചാൽ പോരെന്നുകരുതി ചിലർ വിസ്ഫോടനം എന്നു തന്നെ നാമകരണം ചെയ്തിരിക്കുന്നു. ഈ വിസ്ഫോടനത്തിൻെറ അലകളിള്കി ആർത്തലയ്ക്കുന്ന വിവിധ രംഗങ്ങളിൽ സംസ്കാരം അതീവപ്രാധാന്യം അർഹിക്കുന്നു.

2.2 സംസ്കാരത്തിൻെറ വാഹനം കമ്മ്യൂണിക്കേഷൻ അഥവാ സംവേദന മാധ്യമങ്ങളാണ്. സംവേദനത്തിന് മൂന്നു രൂപങ്ങളുണ്ട് - വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ്. അതീതകാലം മുതൽക്കുതന്നെ നിലനിൽക്കുന്ന വരമൊഴിയിലൂടെയുള്ള സാംസ്കാരികസംക്രമണം തലമുറകളിൽ നിന്ന് തലമുറകളിലേക്കും മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും പണ്ടും ഇന്നും നടന്നുവരുന്നു. ഗുരുകാരണവന്മാരിൽ നിന്നും സംക്രമിച്ചു പോന്ന ഈ സംസ്കാരത്തിന് എഴുത്തും അച്ചടിയുമായി വരമൊഴി വന്നതോടുകൂടി പൂർവാധികം ഉറപ്പും വ്യക്തതയും പൗർവാപര്യതുടർച്ചയും കൈവന്നു. എന്നാൽ ഈ മേന്മകൾ ന്യൂനപക്ഷത്തിനു മാത്രം അക്ഷരാഭ്യാസമുണ്ടായിരുന്ന ഉച്ചനീചത്വസമൂഹത്തിൽ ഭൂരിപക്ഷത്തിന് അഭിഗമ്യമായി. പിന്നീട് വിദ്യാഭ്യാസം വ്യാപിക്കുകയും സാക്ഷരത പ്രചരിപ്പിക്കുകയും ചെയ്ത സമൂഹങ്ങളിൽപ്പോലും അക്ഷരമാധ്യമം സാർവജനീനമായി എന്നുപറഞ്ഞുകൂടാ. ഇരുപതാം നൂറ്റാണ്ടിൻെറ അന്ത്യപാദത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ

മുതലായവ പ്രചാരത്തിലെത്തിയതോടെ സംവേദനത്തിൻെറ സാധ്യതകളും വ്യാപ്തിയും വളരെ വർധിച്ചു.

2.3 ഇതോടുകൂടി സാംസ്കാരിക സംക്രമണം ഗുരുകാരണവ കേന്ദ്രങ്ങളിൽ നിന്നും കുടുംബഘടനകളിൽ നിന്നും വേർപെട്ട് മാധ്യമമേഖലകളുടെ നിയന്ത്രണത്തിലായി. കൂട്ടുകുടുംബ സമ്പ്രദായങ്ങളും ഗ്രാമീണകൂട്ടായ്മകളും അസ്തമിച്ച് അണുകുടുംബങ്ങളും പൊതുവിദ്യാലയങ്ങളും രാഷ്ട്രീയപാർട്ടികളും സംഘങ്ങളും നിലവിൽ വന്നതോടെ സാംസ്കാരിക സംക്രമണശൈലിയാകെ കീഴ്മേൽ മറിഞ്ഞു. ജാതിമതസംഘങ്ങളും യാഥാസ്ഥിതിക വിദ്യാകേന്ദ്രങ്ങളും പരമ്പരാഗതോത്സവങ്ങളും ആരാധനാലയങ്ങളും മറ്റും ഇപ്പോഴും പഴയ സംസ്കാരികസംക്രമണശൈലി തുടരാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവയും പടിപടിയായി ആധുനികവാർത്താ മാധ്യമങ്ങളെയും സാങ്കേതികവിദ്യയെയും കൂടുതൽ കൂടുതലായി ആശ്രയിച്ചുവരുന്നു.

2.4 ഈ മാറ്റങ്ങൾ സാർവജനീനതയ്ക്കും സാർവത്രികത്വത്തിനും വഴിവെയ്ക്കുന്നുണ്ടെങ്കിലും അതേസമയം തന്നെ ഈ മാധ്യമങ്ങളുടെ സവിശേഷസ്വഭാവം മൂലം അവ സമൂഹത്തിലെ മേൽത്തട്ടുകാർക്കും യാഥാസ്ഥിതികർക്കും ഉപയുക്തങ്ങളായ കരുക്കളാക്കി മാറുകയും ചെയ്യുന്നു. വമ്പിച്ച മൂലധനശേഷി അച്ചടിമാധ്യമങ്ങൾ കൈകാര്യം ചെയ്യാനാണെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങൾ നടത്തിക്കൊണ്ടു പോകാനാണെങ്കിലും ആവശ്യമായിരിക്കെ, അവ അധഃസ്ഥിതരായ അനേകലക്ഷങ്ങൾക്ക് അനഭിഗമ്യമായിത്തീരുന്നു. സാർവദേശീയരംഗത്തെ ബഹുരാഷ്ട്രകുത്തകകൾക്കും രാഷ്ട്രത്തിനകത്തെ ജാതി-മത-ധനിക വിഭാഗങ്ങൾക്കും അവയെ കൈപ്പിടിയിലൊതുക്കാൻ കഴിയുന്നു. ഈ ദുരവസ്ഥയാണ് ആധുനികയുഗത്തിലെ സാംസ്കാരികാപചയങ്ങൾക്ക് നിദാനം.

## 3.0 സർക്കാരും സംസ്കാരവും

3.1 ഇതുവരെ പറഞ്ഞതിൽ നിന്നു തന്നെ ഒരു കാര്യം വ്യക്തമായി. സംസ്കാരമെന്നത് മനുഷ്യമനസ്സുകളെയും സാമൂഹ്യസമ്പ്രദായങ്ങളെയും മൂല്യവ്യവസ്ഥകളെയും മറ്റും ബാധിക്കുന്നതാണെങ്കിലും സർക്കാരിനും സ്ഥാ

പനങ്ങൾക്കും നികുതിക്കും ബജറ്റ് നയങ്ങൾക്കും വ്യവസായത്തിനും വ്യാപാരത്തിനുമെല്ലാം സാംസ്കാരികപ്രക്രിയയിലും പ്രവർത്തനത്തിലും പങ്കുണ്ട്; ബഡാജറ്റ് വകയിരുത്തലുകൾക്കും സർക്കാർ നയങ്ങസ്ക്കും എന്ന പോലെ സ്വകാര്യ മൂലധനത്തിനും ക്വകാര്യ സംരംഭങ്ങൾക്കും പങ്കുണ്ട്. സംസ്കാരത്തിൻെറ ശ്രീകോവിലിൽ സർക്കാർ പ്രവേശിക്കുന്നത് അവിഹിതവും അവിശുദ്ധവുമാണെന്ന് കരുതി മുഖം തിരിച്ചു നിന്നാൽ ഫലം വൻമൂലധനഉടമകൾക്ക് സംസ്കാരത്തിൻെറ ശ്രീകോവിലുകൾ സ്വൈരവിഹാരത്തിന് മലർക്കെ തുറന്നിടുക എന്നതായിരിക്കും. അവർക്കവരുടെ സ്വാർഥലക്ഷ്യങ്ങളോടല്ലാതെ മറ്റാരോടും പ്രതിബദ്ധതയോ ഉത്തരവാദിത്വമോ ഇല്ലതാനും. കക്ഷിതാൽപര്യങ്ങളും സ്വകാര്യപ്രലോഭനങ്ങളും സർക്കാരിനെയും സ്വാധീനിക്കുമെങ്കിലും ഏതു പിന്തിരിപ്പൻ സർക്കാരിനും ഏതെങ്കിലും അളവിൽ പൊതുജനങ്ങളോടും സമൂഹത്തോടും പ്രതിബദ്ധതയുണ്ടാകാതെ വയ്യ.

3.2 ഇക്കാരണങ്ങൾ കൊണ്ടായിരിക്കാം അതിപ്രാചീനകാലം മുതലേ സംഘടിത ഭരണകൂടങ്ങൾ - രാജാവിൻെറയോ, ചക്രവർത്തിയുടെയോ ജനപ്രതിനിധികളുടെയോ - സാംസ്കാരികരംഗത്ത് എന്തെങ്കിലുമൊക്കെ പ്രവർത്തിച്ചു പോന്നിട്ടുമുണ്ട്. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സാഹിത്യകലാസദസ്സുകൾ, പ്രാചീനതമിഴകത്തെ ''സംഘം'' (സംഘകാലം), വിക്രമാദിത്യൻെറ ''നവരത്നസഭ'' സാമൂതിരിപ്പാടിൻെറ ''പതിനെട്ടരകവി സദസ്'' എന്നിവ ഓർക്കുക. സമൂഹഘടനയിലും അധികാരപ്രയോഗത്തിലും സംസ്കാരം വഹിക്കുന്ന പങ്കും ഇത്തരം സദസ്സുകൾക്ക് പ്രേരകമായിരുന്നു. (ബി.പി.സിംഗ് എഴുതുന്നത് നോക്കൂ. ഉദ്ധരണി 2) അതുകൊണ്ട് സർക്കാരും ഭരണകൂടവും സാംസ്കാരികരംഗത്ത് ഇടപെടരുത് എന്ന ചിലരുടെ വാദം ചരിത്രപരമായ സാധുതയോ സമകാലികപ്രസക്തിയോ ഇല്ലാത്ത വീൺവീക്കുകളാണ്.

3.3 അങ്ങിനെ സർക്കാരിൻെറയും ഭരണകൂടത്തിൻെറയും സാംസ്കാരികരംഗത്തെ ''ഇടപെടൽ'' ആശാസ്യം മാത്രമല്ല ആവശ്യം കൂടിയാണെന്ന് പറയുമ്പോൾ തന്നെ ഭരണകൂടത്തിൻെറ ചിലതരം ഇടപെടലുകൾ അനാശാസ്യമാണെന്ന വസ്തുതകൂടി കാണേണ്ടതുണ്ട്. ഭരണകൂടം എപ്പോഴും

നിലനിൽക്കുന്ന വ്യവസ്ഥയുടെ, അതിൻെറ യാഥാസ്ഥിതികത്വത്തിൻെറയും അനീതിയുടെയും മറ്റും സംരക്ഷണോപാധി കൂടിയാണ്. അതുകൊണ്ട് നിത്യവികസ്വരവും പുരോഗമനോന്മുഖവും ജനകീയവും ആയിരിക്കേണ്ട സംസ്കൃതിയുടെ സ്ഥാനത്ത് നേർവിപരീതസ്വഭാവത്തിലുള്ള സംസ്കൃതി മുൻകൈ നേടും. സംസ്കൃതി എന്നത് സർവജമെന്യേ നസമ്മതവും സ്ഥലകാലഭേദവും സകലർക്കും സ്വീകര്യവുമായ ഒരു "പരബ്രഹ്മരൂപി"യല്ല. വർണ്ണസമൂഹത്തിൽ ഭരണകൂടം പ്രതിനിധീഭവിക്കുന്ന സംസ്കാരം അധീശവർഗത്തിൻെറതായിരിക്കും. സ്ത്രീപുരുദ്വന്ദ്വം, ഭൂരിപക്ഷ-ന്യൂനപക്ഷദ്വന്ദ്വം, എത്നിക്ക് മേലാള-കീഴാളദ്വന്ദ്വം എന്നിങ്ങനെയുള്ള വേർതിരിവുകളിൽ അധീശസംസ്കാരം ഈ ദ്വന്ദ്വങ്ങളിലെ കീഴാളർക്ക് അതീതരായിരിക്കും. അതുകൊണ്ട് ആരുടെ സംസ്ക്കാരം, ഏതു സംസ്ക്കാരം പരിഗണയർഹിക്കുന്ന എന്ന പ്രശ്നം വിവാദവിധേയമാകുന്നു. സംസ്കാരവും അധികാരഘടനയും എന്ന സമസ്യ. (കുറിപ്പ് 5 കാണുക)

3.4 കേരളമുൾപ്പെടെയുള്ള ഇന്നത്തെ ഇന്ത്യയിൽ ഭരണകൂടത്തിൻെറ സാംസ്കാരികനയവും ഇടപെടലും പരിഗണിക്കുമ്പോൾ എന്തു സംസ്കാരം, ആരുടെ സംസ്കാരം തുടങ്ങിയ പ്രശ്നങ്ങൾ ആശയവ്യക്തത നേടിക്കൊണ്ട് മുമ്പിലേക്ക് തിക്കിത്തിരക്കി കയറിവരുന്നു. ഇന്ത്യയുടെ സമകാലികസംസ്കാരം അഥവാ സംസ്കാരങ്ങൾ ഏതെല്ലാം വിധം, അവയിലേതൊക്കെ നിരുത്സാഹപ്പെടുത്തണം, ഏതെല്ലാം പ്രോത്സാഹനമർഹിക്കുന്നു, 21-ാം നൂറ്റാണ്ടിൽ അവയിലേതെല്ലാം തളരണം ഏതെല്ലാം വളരണം എന്നൊക്കെ ചികഞ്ഞെടുക്കാൻ ഈ സാംസ്കാരിക സങ്കീർണത അടിസ്ഥാനമായ സമൂഹഘടന എന്തെന്ന് കണ്ടെത്തണം. ഈ ഘടനയുടെ ഭാവരൂപങ്ങളെയും സവിശേഷതകളെയും കുറിച്ച് ഏറിയും കുറഞ്ഞുമുള്ള ശാസ്ത്രസാധ്യതയോടെ ധാരാളം പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും പണ്ഡിതന്മാർ രചിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ഹ്രസ്വമായ ഖണ്ഡിക ശാസ്ത്രീയമായ നിഷ്കർഷകൊണ്ടും ചരിത്രവീക്ഷണത്തോടുകൂടിയ സംഗൃഹീതസ്വഭാവം കൊണ്ടും പ്രകൃതത്തിലെ അന്വേഷണത്തിന് വെളിച്ചം വിതറും എന്നു എനിക്കു തോന്നുന്നു.

3.5 ഇന്ത്യയിലെ മുതലാളിത്തവികസനം പടിഞ്ഞാറൻ യൂറോപ്പിലും മറ്റു വികസിത മുതലാളിത്തം രാജ്യങ്ങളിലും ഉണ്ടായ തരത്തിലുള്ള ഒന്നല്ല. ഇന്ത്യൻ സമൂഹം മുതലാളിത്തപാതയിലൂടെയാണ് വളരുന്നതെങ്കിലും അതിൽ പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിലെ പ്രബലമായ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. വികസിത മുതലാളിത്ത രാജ്യങ്ങളിൽ ഉയർന്നുവന്ന ബൂർഷ്വാസി നശിപ്പിച്ച പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെ ആ ചിതാഭസ്മത്തിൻമേലാണ് മുതലാളിത്തം വളർന്നു വികസിച്ചത്. എന്നാൽ ഇന്ത്യയിലാകട്ടെ പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെ മേൽ മാരകമായ പ്രഹരം ഏൽപ്പിക്കുന്നത് മുതലാളിത്തസമൂഹത്തിൻെറ സ്വതന്ത്രമായ വളർച്ചയ്ക്കും തുടർന്ന് അതിൻെറ സ്ഥാനത്ത് സോഷ്യലിസ്റ്റ് സമൂഹത്തിൻെറ ആവിർഭാവത്തിനും ആവശ്യമാണ്. എന്നാൽ ഒരു നൂറ്റാണ്ടിലേറെ കാലം ഭരണം നടത്തിയ ബ്രിട്ടീഷ്കോളനിയുടമകളോ 1947-ൽ അധികാരമേറ്റ ഇന്ത്യൻ ബൂർഷ്വാസിയോ പ്രാങ്മുതലാളിത്തസാമൂഹ്യവ്യവസ്ഥയുടെ മേൽ ഇത്തരമൊരു പ്രഹരം ഏൽപ്പിക്കുകയുണ്ടായില്ല. അതുകൊണ്ട് ഇന്നത്തെ ഇന്ത്യൻ സമൂഹം ജാതി-വർഗീത-ഗോത്ര സ്ഥാപനങ്ങളും കുത്തകമുതലാളിത്താധിപത്യവും ഒന്നു ചേർന്നിട്ടുള്ള ഒരു പ്രത്യേക തരം സംയോജനമാണ്. അങ്ങനെ പ്രാങ്മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയെ നശിപ്പിക്കുന്നതിൽ താൽപര്യമുള്ള എല്ലാ പുരോഗമനശക്തികളെയും ഏകീകരിക്കുകയും ജനാധിപത്യ വിപ്ലവം അതിവേഗം പൂർത്തീകരിച്ച് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന് കളമൊരുക്കാനുള്ള പ്രവർത്തനം സുകരമാക്കുകയും ചെയ്യത്തക്കവിധം സമൂഹത്തിലെ വിപ്ലവശക്തികളെ സംയോഗിപ്പിക്കുകയും ചെയ്യുകയെന്നത് തൊഴിലാളിവർഗത്തിൻെറയും തൊഴിലാളിവർഗ പാർട്ടിയുടെയും ചുമതലയായിത്തീർന്നിരിക്കുന്നു.

3.6 ഇങ്ങനെ മുതലാളിത്തവും നാടുവാഴിത്തവും കൊളോണിയൽ അവശിഷ്ടങ്ങളും ഗോത്ര വ്യവസ്ഥ മുതലായ പലതരം മുതലാളിത്തപൂർവ സംപ്രദായങ്ങളും ഇടകലർന്ന സാമൂഹിക-സാമ്പത്തിക ഘടനയും അതുപോലെ തന്നെ കുഴഞ്ഞു മറിഞ്ഞ സാംസ്കാരിക പ്രവണതകളുമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഒന്നര നൂറ്റാണ്ടു

കാലത്തെ കൊളോണിയൽ വികസനവും അര നൂറ്റാണ്ടു കാലത്തെ സ്വാതന്ത്ര്യാനന്തര മുതലാളിത്ത വികസനവും പിന്നിട്ടിട്ടും പ്രാകൃത കമ്യൂണിസം തൊട്ട് അത്യാധുനിക കംപ്യൂട്ടർ സംസ്കാരം വരെ ഇവിടെ സഹവർത്തിക്കുന്നു. 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ ഇന്ത്യ രൂക്ഷമായി നേരിട്ടു കൊണ്ടിരിക്കുന്ന വർഗീയതയും ജാതീയതയും മതഭ്രാന്തും മറ്റും ഈ ജീർണ പൈതൃകത്തിൻെറ പ്രകടിത രൂപങ്ങളാണ്. അതോടൊപ്പം നമ്മുടെ സഹസ്രാബ്ദങ്ങൾ നീണ്ട പാരമ്പര്യത്തിൽ ശാസ്ത്ര ചിന്തയുടേയും യുക്തിബോധത്തിൻെറയും മാനവികതയുടെയും വിമോചനത്തിൻെറയും ധാരകളും ഉണ്ടായിരുന്നു. ഇവയെല്ലാം ചികഞ്ഞ് ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ ജീർണഘടകങ്ങളെ തിരസ്കരിക്കുകയും ജീവൽഘടകങ്ങളെ പുലർത്തുകയുമാണ് സാംസ്കാരിക നയത്തിൻെറ കർത്തവ്യം.

## 4.0 സാംസ്കാരിക പ്രതിസന്ധി

4.1 ഇന്ത്യ ഇന്നൊരു രാഷ്ട്രീയ പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത് എന്നതിന് ഒരു വിശദീകരണം ആവശ്യമില്ല. സ്വാതന്ത്ര്യത്തിൻെറ സുവർണ ജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിലും നമ്മുടെ സമ്പദ്വ്യവസ്ഥ ഗുരുതരമായ കുഴപ്പത്തിലാണ്. ബ്രിട്ടീഷ് കാലം തൊട്ടുള്ള വ്യാപകമായ ദാരിദ്ര്യവും ഭീകരമായ തൊഴിലില്ലായ്മയും ഇപ്പോഴും തുടരുകയാണ്. എന്നാൽ ഈ ഗുരുതരമായ പ്രതിസന്ധികളിൽ നിന്ന് ഉയിർകൊണ്ടുക്കൊണ്ടും അവയെ കൂടുതൽ രൂക്ഷമാക്കിത്തീർത്തു കൊണ്ടും ഒരു സാംസ്കാരിക പ്രതിസന്ധി കൂടി ഉണ്ടെന്ന വസ്തുത പലപ്പോഴും ജനങ്ങളെന്നല്ല ആസൂത്രകരും ഭരണാധികാരികളും പോലും ധരിക്കാറില്ല. മതവിശ്വാസിയായി മഹാത്മാഗാന്ധിയും, മതവിശ്വാസിയല്ലാതിരുന്ന ജവഹർലാൽ നെഹ്റുവും ഉൾപ്പെടെ നമ്മുടെ പഴയ നേതൃനിര മുഴുവൻ മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും വേണ്ടി ഉറച്ചു നിൽക്കുകയും, ഗാന്ധി അതിനായി ആത്മബലി നടത്തുകയും ചെയ്തു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? ശ്രീനാരായണനെയും വിവേകാനന്ദനെയും ബുദ്ധനെയും അശോകനെയും അക്ബറിനെയും പ്രസവിച്ച ഈ നാട്ടിൽ വർഗീയ കോമരങ്ങൾ ഇളകിയാടുന്നു. ഈ അന്തരീക്ഷം ശുദ്ധീ

കരിക്കാതെ വികസന പ്രവർത്തനമെന്നല്ല ഒരു വക പുരോഗതിയും നേടാനാവില്ല. നമ്മുടെ മാധ്യമങ്ങൾ ഈ പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുകയാണ്. അതാണ് ഇന്ന് നമ്മെ തുറിച്ചു നോക്കുന്ന ഏറ്റവും വലിയ പ്രശ്നം.

4.2 ഈ സാംസ്കാരികാപചയത്തിൻെറ രാഷ്ട്രീയ വശമാണ് വർഗീയതയുടെയും ജാതീയതയുടെയും ചുരുക്കത്തിൽ ഫാസിസത്തിൻെറയും ഉയർച്ച പ്രതിഫലിപ്പിക്കുന്നത്. ബൗദ്ധിക കലാരംഗങ്ങളിൽ അത് ശാസ്ത്രത്തിൽ നിന്നും യുക്തി ചിന്തയിൽ നിന്നുമുള്ള ഒളിച്ചോട്ടമായും അനാചാരങ്ങളുടെയും അന്ധ വിശ്വാസങ്ങളുടെയും ഉയിർത്തെഴുന്നേൽപ്പായും കാണപ്പെടുന്നു. നാരായണ ഗുരുവും ബ്രഹ്മാനന്ദ ശിവയോഗിയും ആനന്ദതീർഥനും വിവേകാനന്ദനും വിഹരിച്ച മേഖലയിൽ വിദ്വേഷത്തിൻെറ വിഷപ്പുക പടരുന്നു. ഇതിനെതിരെ പ്രതികരിക്കാതെ പുരോഗതിയും വികസനവും അസാധ്യമാണ്.

4.3 സാംസ്കാരിക ചരിത്രത്തിൽ രണ്ടു മുഖ്യ പ്രവണതകളാണ് കണ്ടുവരുന്നത്. ഒന്നിനെ നവോത്ഥാനമെന്നു വിളിക്കുമ്പോൾ, മറ്റേതിനെ പുനരുജ്ജീവനം എന്നു പേരിടുന്നു. ത്യാജ്യാഗ്രാഹ്യ വിവേചനത്തോടെ കാലഹരണപ്പെടാത്ത ഘടകങ്ങൾ മാത്രം കൈക്കൊണ്ട് കാലോചിതമായി ആചാര വിശ്വാസങ്ങളെ പരിഷ്കരിക്കുന്ന പ്രവണതയാണ് നവോത്ഥാനം. നവോത്ഥാനത്തിന് പലപ്പോഴും മതനവീകരണത്തിൻെറ പരിവേഷം കൂടി ഉണ്ടായിരിക്കും. മുഹമ്മദ് നബിയും യേശുക്രിസ്തുവും വിവേകാനന്ദനുമെല്ലാം അതിനുദാഹരണം. പുനരുജ്ജീവനം പരമ്പരാഗതമായ പുരോഗതിയുടെ ഘടകങ്ങളെ തിരസ്കരിക്കുകയും കാലഹരണം വന്നവയെ ഉയർത്തിക്കൊണ്ടുവരാൻ യത്നിക്കുകയും ചെയ്യുന്നു. മതമൗലികതാ വാദികളും വർഗീയ-വിഘടന വാദികളും ശാസ്ത്ര വിരോധികളും എല്ലാം ഈ വകുപ്പിൽപ്പെടുന്നവരാണ്. അതുകൊണ്ട് നവോത്ഥാന (റിനെയ്സ്സൻസ്) പ്രവണതകളെ സ്വാംശിക്കുകയും പുനരുജ്ജീവന (റിവൈവലിസം) പ്രവണതകളെ തിരസ്കരിക്കുകയുമാണ് നവയുഗ സംസ്കാരത്തിൻെറ കർത്തവ്യം.

4.4 നവോത്ഥാനത്തെയും പുനരുജ്ജീവന വാദത്തെയും കുറിച്ചുള്ള ഈ ചർച്ചയിൽ നിന്നും നാം ചെന്നെത്തുന്ന നിഗമനം നവയുഗ സംസ്കാരവും മതവിരുദ്ധമായിക്കൊള്ളണം എന്നില്ല എന്നാണ്. മതത്തിൻെറ പേരിലുള്ള ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ചൂഷണത്തെയും ധൂർത്തിനെയും എതിർക്കുന്നതോടൊപ്പം ബഹുഭൂരിപക്ഷം മതവിസ്വാസികളുടെ വികാരങ്ങളെ സംസ്കാരിക പ്രവർത്തകർ മുറിവേൽപ്പിക്കരുത്. തീർച്ചയായും ശാസ്ത്ര ബോധവും യുക്തി ചിന്തയും ദാർശനികമായ മതവിമർശനവും ഭൗതികവാദികളായവർക്ക് അവരുടെ വിശ്വാസവും പ്രചരിപ്പിക്കാൻ അവകാശമുണ്ട്. എന്നാൽ സാംസ്കാരിക പ്രവർത്തകർ ഒത്തു ചേരുന്ന വേദികളും രൂപപ്പെടുത്തുന്ന സംഘടനകളും തീവ്രമായ പക്ഷപാതങ്ങളോ പരമതാസഹിഷ്ണുതയോ മൂലം വിഘടിതമാക്കിക്കൂടാ.

4.5 ഈ വിധമുള്ള സഹിഷ്ണുതയും വിവാദ അന്തരീക്ഷവും സാഹിത്യ കലാ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും ബാധകമാണ്. പ്രവർത്തനങ്ങൾക്കെല്ലാം കക്ഷി-മത-പ്രത്യയശാസ്ത്ര ഭേദമന്യേ ഒത്തു ചേരാനും ഒത്തു പ്രവർത്തിക്കാനുമുള്ള വേദിയാകണം സാംസ്കാരിക മേഖല. തൻെറ കലയുടെ മേന്മയും യുക്തിയുടെ ശക്തിയും ആയിരിക്കണം നിലപാടുകളുടെ ന്യായീകരണം.

4.6 ഇതിൽ നിന്നെല്ലാം ഉരുത്തിരിയുന്ന വസ്തുത ഇതാകണം. സംസ്കാരവും സാഹിത്യകലാദികളും ഗൗരവമേറിയ മറ്റെല്ലാപ്പണികൾക്കും ശേഷം ശ്രദ്ധിക്കേണ്ട വെറുമൊരു വിശ്രമ വിനോദ യത്നം മാത്രമല്ലെന്നും, വിനോദത്തോടൊപ്പം വികസനത്തെയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപ ഘടകമാണെന്നുമറിയണം. നമ്മുടെ ആസൂത്രണ പ്രക്രിയയിലാകെയും ഗ്രാമസഭകളിലും മറ്റ് വികസന വേദികളിലും സംസ്കാരത്തിനും സാംസ്കാരിക സ്ഥാപനങ്ങൾക്കും സമർഹമായ സ്ഥാനം നൽകുന്നത് വികസന ലക്ഷ്യത്തിൻെറ വിജയത്തിനു തന്നെ ആവശ്യമാണ്.

5.0 സാംസ്ക്കാരിക നയം

5.1 സർക്കാരും സംസ്കാരവും തമ്മിലുള്ള നികടമായ ബന്ധങ്ങളെ സംബന്ധിച്ചുള്ള ചർച്ചയിൽ നിന്നുരുത്തിരിയുന്നത് മൂന്നു വസ്തുതകളാണ്. അനിവാര്യത, അനാശാസ്യത, ആശാസ്യത എന്നീ മൂന്നു വാക്കുകളിൽ ഈ മൂന്ന് കാര്യങ്ങൾ ഉരുത്തിരിയുന്നു.

5.1.1 ചരിത്രാരംഭകാലം തൊട്ടേ ഭരണകൂടവും - അതേതുതരത്തിൽപെട്ടRsായാലും - സാംസ്ക്കാരിക ജീവിതവും സാംസ്കാരിക സംവിധാനവും അവിഭാജ്യമായി ബന്ധപ്പെട്ടിരുന്നു. നാം നേരത്തേ കണ്ടതുപോലെ ഭരണചക്രത്തിൻെറ തിരികുറ്റിയായ അധികാര ഘടനയുമായും സാമൂഹവ്യവസ്ഥയുടെ ഉദയസ്ഥിതി ലയങ്ങളുമായും നാഭീനാളബന്ധം കണക്കിലെടുക്കുമ്പോൾ അതിലതിശയിക്കാൻ വകയില്ലെന്ന് കാണാം. എന്നാൽ ഈയിടയായി ഭരണകൂടം സാംസ്ക്കാരി കാര്യങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കണം എന്ന വാദം ഉയർന്നുവരാൻ കാരണമെന്ത്? ആ വാദത്തിൽ കഴമ്പെന്തെങ്കിലുമുണ്ടോ? അത് നടപ്പുള്ള കാര്യമാണോ?

5.1.2 ഭരണകൂടം നിലനിൽക്കുന്ന വ്യവസ്ഥയുടെ സംരക്ഷകരും പരിവർത്തന വിരോധികളുമായകയാൽ ഭരണകൂടത്തിൻെറ സാംസ്ക്കാരികയത്നങ്ങൾ പുരോഗതികൾ വിഘാതമാവാനെ തരമുള്ളു. ആ നിലക്ക് പുരോഗമനേച്ഛരകൾ ഭരണകൂടത്തിൻെറ സാംസ്ക്കാരിക ഇടപെടലുകളും സംശയദൃഷ്ടിയോ ഭവിഷിക്കുന്നു. സ്വകാര്യ മുതലാളിത്തത്തെയും ഉദാരവൽക്കരണം എന്ന പേരിൽ ഇപ്പോൾ പരാമർശിക്കപ്പെടുന്ന നയങ്ങളെയും അനുകൂലിക്കുന്നവരാകട്ടെ നിവൃത്തിയുള്ളിടത്തോളം ജീവിത മേഖലകളിൽ നിന്നും സംരംഭങ്ങളിൽ നിന്നും സർക്കാരിനെ ഒഴിച്ചു നിറുത്തണമെന്ന പക്ഷക്കാരാണ്. വ്യവസായം, വിദ്യാഭ്യാസം, സംസ്ക്കാരം തുടങ്ങിയവയെല്ലാം സ്വകാര്യ വ്യക്തികൾക്കും ഗവൺമെൻേറതര സ്ഥാപനങ്ങൾക്കും വിട്ടുകൊടുക്കണമെന്നാണല്ലോ അവരുടെപക്ഷം. ആധുനിക ജനാധിപത്യ വ്യവസ്ഥയിലെവിവിധ കക്ഷി സമ്പ്രദായത്തിൽ മാറി മാറിവരുന്ന കക്ഷികൾ വീക്ഷണ വ്യവസായം കൊണ്ടും സ്വാർത്ഥ താല്പര്യ സംരക്ഷണ സുഗ്രത കൊണ്ടും സർക്കാർ ഇടപെടലുകൾ സാം

സ്ക്കാരിക രംഗത്തെ മലിമസമാക്കുമെന്നാണവരുടെ ആശങ്ക. ഇതെങ്ങനെയാണ് ഒരുവശത്തു നിന്ന് പുരോഗമനവാദികളെ മറുഭാഗത്തു നിന്ന് ''ഉദാരവൽക്കരണ''ക്കാരും ഒരേ സമയം സർക്കാരിൻെറ ഇടപെടൽ അനാശാസ്യമായി കരുതാൻ കാരണം.

5.1.3 ''അനിവാര്യത''യുടെയും ''അനാശാസ്യത''യുടെയും പ്രശ്നങ്ങൾ കഴിഞ്ഞു. ഇനി ''ആശാസ്യത''യുടെ കാര്യമാണ്. സമൂഹ ഘടനയുടെ ആരംഭം മുതൽ നിലനിൽക്കുന്നതും ഇന്നും തുടരുന്നതായും നാം കണ്ട ഭരണകൂടത്തിൻെറ സാംസ്ക്കാരിക ധർമം അനിവാര്യമാണെങ്കിൽ അത് ആശാസ്യമായാലും അനാശാസ്യമായാലും ഒഴിവാക്കാൻ പറ്റുന്നതല്ല. സമൂഹ ഘടനയുടെയും ഭരണകൂടത്തിൻെറയും നിലനിൽപുമായി അഭേദ്യമായി ബന്ധപ്പെട്ട ഒന്നാണ് സാംസ്ക്കാരി രംഗത്തെ ഭരണകൂട പ്രവർത്തനം. എങ്കിൽ അതിൻെറ ദോഷങ്ങൾ കഴിയുന്നത്ര കുറച്ച് അതിനെ കഴിവുള്ളത്ര ആശാസ്യമാക്കുകയല്ലേ പ്രായോഗികം. അല്ലാതെ സിദ്ധാന്തങ്ങൾ ഉരുവിട്ട് ആകാശ കുസുമത്തെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് വ്യർഥ വ്യായാമമല്ലേ? ഭരണകൂടം വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കണമെന്ന വാദക്കാർ സാംസ്ക്കാരിക രംഗത്തും ആ ഒഴിഞ്ഞുനിൽക്കൽ തുടരണമെന്ന് വാദിക്കുന്നത് പനർവാപര്യ തുടർച്ചക്ക് സഹായകം തന്നെ. വ്യവസായവും വിദ്യാഭ്യാസവും സ്വകര്യ മേഖലക്ക് വിടണം എന്നു പറയുന്ന അവർ ഫലത്തിൽ മൂലധനശേഷിയുള്ള സ്വകാര്യ സംരംഭകർക്ക് സ്വാർത്ഥ ലക്ഷ്യങ്ങളെ മുൻനിർത്തി വ്യവസായത്തെയും വിദ്യാഭ്യാസത്തെയും ചൂഷണോപാധിയാക്കി കൊടുക്കുകയാണ്. ഭരണകൂടം സാംസ്ക്കാരി രംഗത്ത് ഇടപെടുമ്പോൾ അത് മാറിമാറി വരുന്ന ഭരണ കക്ഷികളുടെ കളിപ്പാവകളോ ചൂഷണോപാധികളോ ആകും എന്ന് ഭയപ്പെടുന്നവർ സാംസ്ക്കാരിക രംഗത്തെ സ്വകാര്യ താല്പര്യങ്ങൾക്ക് വിട്ടുകൊടുക്കുമ്പോൾ അതിൽ അത്തരമൊരു കുഴപ്പം കാണാത്തതെന്ത്? ഇന്ത്യയിലും മറ്റ് മുതലാളിത്ത രാഷ്ട്രങ്ങളിലും ഇപ്പോൾ തന്നെ വൻതോതിൽ സാംസ്ക്കാരിക രംഗത്തെ കൈകടത്തുന്നുണ്ട്. പുസ്തക - പത്രപ്രസാധനം, ചലച്ചിത്ര നിർമാണം, ആർട് ഗ്യാലറി നടത്തിപ്പ്, ടെലിവിഷൻ ചാ

നലുകൾ, ജ്ഞാനപീഠ പുരസ്കാരം, സരസ്വതി സമ്മാൻ തുടങ്ങിയ സാഹിത്യകലാപുരസ്കാരങ്ങൾ മുതലായവയെല്ലാം ഇപ്പോൾ തന്നെ സ്വകാര്യ താല്പര്യക്കാരുടെയും മുതലാളിമാരുടെയും ഉടമസ്ഥതയിലാണ്. ഒരു തരത്തിലും സർക്കാർ സാംസ്ക്കാരിക രംഗത്ത് ഇടപെടുകയില്ലെന്ന് വന്നാൽ സാംസ്ക്കാരിക രംഗമാകെ മൂലധന ശേഷിയുള്ള വ്യവസായികൾക്കും വർഗീയവാദികൾക്കും അഴിഞ്ഞാടാൻ മലർക്കെ തുറന്നു കൊടുക്കുക എന്നതായിരിക്കും ഫലം. സാധാരണ ജനങ്ങൾക്കോ സാമൂഹ്യസേവകർക്കോ സാംസ്ക്കാരിക നായകർക്കോ പ്രവർത്തന സ്വാതന്ത്ര്യമോ സാഹചര്യമോ നൽകാൻ ഈ സ്വകാര്യ മേഖലാ പ്രീണനം സഹായകമാവുകയില്ല. ഒരു കുട്ടിപ്പത്രം നടത്താനോ ഒരു കുട്ടി പ്രസാധനശാല സംഘടിപ്പിക്കാനോ ഒരു സാധാരണ വ്യക്തിക്ക് കഴിഞ്ഞേക്കാം. പക്ഷേ അച്ചടി മാധ്യമമായാലും ഇലക്ട്രോണിക് മാധ്യമമയാലും സമൂഹത്തിൽ കുഞ്ഞോളങ്ങളെങ്കിലും ഇളക്കാൻ കഴിവുണ്ടാകണമെങ്കിൽ മൂലധനം മുടക്കുക തന്നെ വേണം. അല്ലെങ്കിൽ സമൂഹത്തെയാകെ പ്രതിനിധീകരിച്ചുകൊണ്ട് സർക്കാർ നിയമം, നിക്ഷേപം, സഹായധനം മുതലായ വഴികളിലൂടെ സാംസ്കാരിക രംഗത്ത് പ്രവർത്തനവും പ്രോത്സാഹന നടപടികളും കൈക്കൊള്ളണം. സർക്കാരിൻെറ ഒഴിഞ്ഞുമാറ്റം പൗരാവലിയെയോ പൗര സ്വാതന്ത്ര്യങ്ങളെയോ ശക്തിപ്പെടുത്തുകയില്ല. നേരെമറിച്ച് സ്ഥാപിത താല്പര്യക്കാരേയും സ്വകാര്യ ലക്ഷ്യക്കാരെയും ശക്തിപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് സർക്കാരിന് ഒരു സാംസ്കാരിക നയം ഉണ്ടാവുക എന്നത് ആശാസ്യം മാത്രമല്ല ആവശ്യം കൂടിയാണ് എന്നു വരുന്നു.

## *NOTES*

### 1. CONCEPT OF CULTURE

"Culture" Raymond Williams said two decades ago, "is one of the two or three most complicated words in the English language. This is so partly because of its intricate historical development, in several European languages, but mainly because it has now come to be used for important concepts in several distinct disciplines and in several distinct and incompatible systems of thought"(Key Words 1976)

### 2. CULTURE AND ADMINISTRATION

Culture is power. It is a pursuit of total perfection to know all that concerns us most. As expressed through language and art, philosophy and religion, education and science, films and newspapers, radio and television, social habits and customs, political institutions and economic organisations, culture heightens the skills of an individual and a society in its totality in all walks of life because it is by culture that a man or a society gets an insight into the whole. Culture includes not only art, music, dance and drama, but a whole way of life. In part, culture is 'Sanskrit', or a process of refinement. It is in this broader sense that culture has to be viewed.

Administration keeps the fabric of society intact. It is the tool of the state to achieve its goal. It is an instrument of ordering human relations to help individuals in developing their individuality and a consistent, coherent personality. The art of administration comprises direction, co-ordination, and control of persons constituting a society to achieve some collective purpose or objective. Administrative machinery is entrusted with the responsibility of keeping order in a society without which there would be anarchy and human life would be solitary, poor, nasty, brutish and short. Administration thus plays a vital role in the preservation of cultural values and the promotion of

new value patterns consonant with the goals that the society sets for itself.

*(India's Culture, The State, The Arts and Beyond, B.P. Singh, Oxford University Press, 1998).*

## 3. MARXISM AND CULTURE

"Marx's theory directly addressed some of these questions, in particular the question of understanding culture within a wider theory of social processes. For Marx, social and economic processes were part of the total cultural process by which man transformed his environment and himself. Although Marx also worked with a holistic model of culture and society, his theory offered at least the possibility of a better understanding of culture by putting forward a more differentiated model of social processes. Moreover, through the concept of ideology, Marx drew attention to the power which may be embodied in conceptualisations and world views. But the economism which followed the Second International meant that the creative potential of this model was not explored. Culture was now defined as an epiphenomenon of the economic base, reflecting its structures and having little importance in its own right. Knowledge was defined as standing outside culture and power, representing absolute and universal truth. This gave rise to the notion of ideology as non-science. While ideology might have its roots in culture, knowledge was defined as being outside culture. In this interpretation the critical possibilities of the concept of ideology were reduced. Whiled in traditional Marxist theory, the concept of ideology had drawn attention to certain complexities in the relationship between ideas and material reality, these complexities found no place in economistic interpretations of culture and power were revived. Gramsci addressed the questions of politics raised by the failure of the labour movement in Europe and the emergence of fascism. To explain such a phenomena, he used a conception of culture as constituting the means by which societies

might reproduce themselves in spite of contradictions and power differences. But even in Gramsci's work there is a tendency to collapse ideology and culture, both representating the 'way of life' of a society. This tendency is also present in Foucault's work".

*(Integrating Culture, Critical Perspectives on Contemporary Social Theory, by Sarah Joseph, Sage Publications, New Delhi, 1998).*

## 4. CULTURE AND POWER

"Everything in social and cultural life has fundamentally to do with power. Power is at the centre of cultural politics. It is integral to culture. All signifying practices - that is, all practices that have meaning - involve relations of power. They subject us in the sense that they offer us particular subject positions and modes of subjectivity. But these subject positions are not all the same. The power relations inherent in a particular signifying practice may be in a state of equilibrium, but more often they involve relations of domination and subordination. We are either active subjects who take up positions from which we can exercise power within a particular social practice, or we are subjected to the definition of others", (Cultural Politics, Glen Jordhan, Oxford, 1995, Page 11).

"Whose culture shall be of the official once and whose shall be subordinated? What cultures shall be regarded as worthy of display and which shall be hidden? Whose history shall be remembered and whose forgotten? What images of social life shall be projected and which shall be marginalised? What voices shall be heard and which be silenced? Who is representing whom and on what basis?"

*(Ibid . Page 4)*

## 5. CULTURE IN INDEPENDENT INDIA

"India's development process during the last forty years of her freedom from colonial rule is characterised by a paradox : her

impressive overall material progress is marked by a cultural lag or even retrogression. Why is it that in the pre-independence period India's genius flowered into a cultural renaissance despite the inner constraints arising from colonialism? Why is it that forty years of independence have not contributed significantly towards, a new cultural renaissance? Why is it that the development process has thrown up a new middle class, the New Rich, who are stricken by the malady of what Mathew Arnold called philistinism, in sharp indictment of the middle classes of his times in England (Mathew Arnold 1932)? Why is it that the rise of a new middle class in independent India is associated with the upsurge of unbridled consumerism, the pursuit of the pleasure principle at one end and the resurgence of religious revivalism and social, obscurantism at another? Why is it that the tender sproutings of a new culture are covered up by the weeds of consumerism of revivalism? These are vital questions which are agitating thoughtful and sensitive Indians in all walks of life".

*(Culture, Communication and Social Change, P.C. Joshi, 1989).*

## 6. SECULARISM AND INDIA'S FUTURE

"Let me conclude by returning to the issue with which I started, the secularising of Indian society. There has been some hostility to secularism, in part because it is projected as a denial of religion. I have tried to show that this is not the meaning of secularism. The more fierce hostility has risen not from the fear of weakening religion but from the fear that if the politics of religious communities are replaced by the attempt to empower civil society, it will encourage a system which gives primacy to the rights and equality of all citizens, essential to the secularising of society. As long as some citizens are regarded as more Indian than others, and this differentiation draws from the notion of exclusive religious communities, concern with matters of social and economic change will be set aside and attention diverted to a pretense of safeguarding religion and the nation".

"The intensification of Hindutwa has acted, as intended by its followers, to divert attention from the fact that almost half the population of India is at or below the poverty line and is denied even the most basic rights and amenities. Instead of working towards providing these rights and amenities to the tribals and the dalits the focus has been shifted to the irrelevant questions of the right to convert. The hype surrounding the issue of which Indians are indigenous and which are foreign, basing this identity on the false premise of whether they follow a religion which is indigenous to the sub-continent or is west Asian in origin, has led to the most inhuman and uthethical behaviour on the part of groups claiming to defend Hinduism and is directed towards those labelled as Muslims and Christians".

"The secularising of Indian society is necessary to both improving the condition of those below the poverty line and those who are victims of majoritarian communalism. This requires the empowering of civil society which would have to be based on the centrality of social ethics - the creating and nurturing of values focusing on a concern and respect for fellow citizens. This is a necessary precondition for secularising society and would in turn strengthen the secular policies of the state. Social ethics would involve legal order, political freedom, individual autonomy and material well-being. And these in effect mean not only the equality of every citizen before the law about more than that, the access of every citizen to the law, democratic rights of representation assume unhindered adult franchise and would oppose ideologies which endorse social hierarchies; and material well-being would involve a minimum economic security in the form of social welfare. Social welfare subsumes the right to elementary education and the availability of basic health facilities - the least which modern state is expected to provide. Education is pivotal to this change. The right to a personal religious expression would be safe-guarded on a consciousness of individual autonomy".

*(Historical Interpretations and the secularising of Indian Society, Romila Thapar, Visthar, Bangalore, 1999).*

## 7. MEDIA AND CULTURE

"A media culture has emerged in which images, sounds, and spectacles help produce the fabric of everyday life, dominating leisure time, shaping political views and social behaviour, and providing the materials out of which people forget their very identities. Radio, television, film and the other products of culture industries provide the models of what it means to be male or female, successful or a failure, powerful or powerless. Media culture also provides the materials out of which many people construct the sense of class. Of ethnicity and race, of nationality, sexuality, of "us" and "them". Media culture helps shape the prevalent view of the world and deepest values; it defines what is considered good or bad, positive or negative, moral or evil. Media stories and images provide the symbols, myths and resources which help constitute a common culture for the majority of individuals insert themselves into contemporary techno-capitalist societies and which is producing a new form of global culture".

"Media culture consists of systems of radio and the reproduction of sound (albums, cassettes, CDs and their instruments of dissemination such as radios, cassette recorders and so on); of film ad its modes of distributions (theatrical playing, video-cassette rental, TV showings); of print media ranging from newspapers to magazines; and to the systems of television which stands at the centre of media culture. Media culture is a culture of the image and often deploy sight and sound. The various media - radio, film, television, music and print media such as magazines, newspapers, and comic books - privilege either sight or sound, or mix the two senses. Playing as well as on a broad range of emotions, feelings and ideas. Media culture is manipulation can help individuals empower themselves in relation to dominant

media and culture. It can enhance individual sovereignity vis-a-vis media culture and give individuals more power over their cultural environment and the necessary literacy to produce new forms of culture".

*(Media Culture, Cultural Studies, identity and politics between the Modern and the Post modern, Douglas Kellner, Routledge, London, 1995).*

## 8. DEVELOPMENT OF MARXIST THOUGHT ON CULTURE

This is not only indigenously Marxist concept in the sense in which ideology may be said to be. The concept has often been used in ways particularly repellent to most Marxists, whether to defend the notion of 'art for art's sake, or in a very different use of the term, to reject a materialist approach in anthropology (Sahlins 1976). Yet many of the most important twentieth-century discussions of AESTHETICS, and more generally cultural questions, have been by Marxists. Moreover, there is a crucial cultural dimension to the whole Marxist and socialist project, and questions of culture and ideology have been so central to Western Marxism that some writers have identified a distinct trend of 'culturalist' Marxism.

"We have already noted two uses of the term culture which can be taken as the extreme poles of its use. In one, it denotes the aesthetic domain of, in particular, ART and LITERATURE and the relations between them. At the other end of the spectrum are antropological uses of the term to denote the 'whole way of life' of a society, often constructed in an idealist way as founded upon meanings, values and so on. Somewhere between these two extremes we find the cluster of senses most fully developed within German idealist thought, in which culture is seen as the realm of objective mind or spirit and its embodiment in human institutions. Here 'culture' retains its original sense of cultivation and development, Bildung, sometimes identified

with civilisation and sometimes distinguished from it as something more profound, but almost always given a strongly positive evaluation.

"Not surprisingly, few Marxist writers have identified themselves whole-heartedly with any of these uses, in so far as they suggest a separation between different aspects of a intelligentsia, which would take up and incorporate what was valuable in bourgeois culture (just as it would incorporate the more advanced methods of work organisation, such as Taylorism). The concept of cultural revolution was taken up in the GDR and other socialist countries in the 1950s. In China, however, the Cultural Revolutions of the 1960s attacked bourgeois in a way which was more in the spirit of the radicles against whom Lenin's polemics were addresses".

"Despite his conservatism on aesthetic questions, Lenin's concept of cultural revolutions seems to have set the tone for the very broad concept of culture which is prominent in present-day discussion in the socialism countries. In ?USSR it is often linked to the concept of 'way of life' (byt), in a way which comes close to the early sense of culture as Bildung. (The constitution of the German Democratic Republic for example, includes not just the arts but 'physical culture', sport and tourism', as 'elements of socialist culture').

"Western Marxism is generally seen as beginning with Lukacs and Gramsci, and this is certainly the starting point of a tradition which has been very much concerned with questions of culture; indeed it is hardly too much to see them as the twin pregenitors of subsequent work in this area. Lukacs was reared on German neo-Kantianism, and his essay of 1920 on 'Old and New Culture' is a Marxist reformulation of a concept of culture derived from this tradition in general and Simmel in particular. Lukacs defined culture in opposition to civilisation as 'the ensemble of valuable products and abilities which are dispensable in relation to the immediate maintenance of life. For example, the internal and external beauty of a house in contract to its durability

and protectiveness'. Culture in this sense is destroyed by capitalist production for the market, and since 'the sociological precondition of culture is man as an end in himself', a new culture, whose features are at present "the task of criticism be not so much to search for the particular interest-groups to which cultural phenomena have to be assigned, but rather to decipher the general social tendencies which are expressed in these phenomena and through which their powerful interests raised themselves. Cultural criticism must become social physiognomy. (ibid.p.30).

"Culture, analysed in terms of COMMODITY FETISHISM and (especially by Adorno) REIFICATION, appeared in two main forms. The first is what Marcuse called 'affirmative culture'. Affirmative culture in the bourgeois world is, as religion was for Marx, 'the sigh of the oppressed creature, the heart of a heartless, world: the soul of soulless conditions. It is the opium of the people' ("Critique of Hegel's Philosophy of Right: Introduction). As Marcuse put it:

"By affirmative culture is meant that culture of the bourgeois epoch which led in the course of its own development to the segregation from civilisation of the mental and spiritual world as an independent realm of value that is also considered superior to civilisation. Its decisive characteristic is the assertion of a universally obligatory, eternally better and more valuable world essentially different from the factual world of the daily struggle for existence, yet realisable by every individual for himself' from within', without any transformation of the state of fact'. (Ibid.p.95)".

"Culture, and art in particular, thus has an ambiguous role : it upholds the desires for freedom and happiness (the promesse de boinheur) which are thwarted in modern societies, but projects them into an illusory sphere and thus affirms the status quo by 'pacifying rebellious desire' (Ibid.p.121). The bourgeois rules less by force than

by HEGEMONY has been crucial, in a more diffuse way, for contemporary Marxists as diverse as Raymond Williams and Althusser. The focus on culture is clearest in Britain, in the work of Williams, the historian Edward Thompson, and members of the Birmingham Centre for Contemporary Cultural Studies founded by Richard Hoggart. However, even those who have criticized this approach on the basis of French STRUCTARALISM share an equal, though differently formulated concern with superstructural phenomena (Eagleton 1976 and Johnson, in Barrett et. al. 1979). This is also true of the important work of Pierre Bourdieu and his associates in France, which uses the notions of symbolic and cultural capital to trace the reproduction of class relations in educational systems and politics as well as in 'cultural consumption' in a narrower sense (Bourdieu and Passeron 1970, Bourdieu 1979. Imperialism, too, has been seen to be a cultural as well as an economic and military phenomenon. Here the advanced countries virtual monopoly of television, book, magazine and news agency output is merely one aspect of a process in which the Third World is exposed to a Western 'business culture' in the sphere of production and to a consumer culture which encourages the misallocation of resources (schiller 1976)".

"It remains to be seen how far Western Marxism will retain its somewhat one-sided preoccupation with superstructures, whether conceived in terms of culture, ideology, or more diffuse notions of signification and representation. It is clear, however, that there is an increasing awareness (partly due to FEMINISM) of the interrelation of production and reproduction, ad it seems likely that Marxists, will come to think less in terms of the complicated mechanisms of cultural and reproduction within existing modes of production".

*(A Dictionary of Marxist Thought, Edited by Tom Bottomore, Blackwell Reference, England, 1983).*

4137

PC Library & Research Center

Printed at Kerala State Audio-Visual and Reprographic Centre
Thiruvananthapuram, Phone: 476550, 474720

സാംസ്കാരികോത്സവം '99

# ഭരണകൂടവും സംസ്കാരവും

സെമിനാർ : 20.5.1999

PG
850

കനകക്കുന്ന് കൊട്ടാരം

തിരുവനന്തപുരം

Indic Digital Archive Foundation
gpura.org